(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(ഡി) 2005-06 വർഷത്തെ ബഡ്ജറ്റിൽ എത്ര സംഖ്യ ഉൾപ്പെടുത്തി എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓഡിറ്റോറിയം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 55,00,000 (അമ്പത്തിയഞ്ചു ലക്ഷം രൂപ).

(സി) ഭരണാനുമതി ലഭ്യമാക്കുവാൻ 2004-ലെ പുതുക്കിയ റേറ്റ് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 4,86,000 രൂപ വകയിരുത്തിയിട്ടുണ്ട്.

നാലാഞ്ചിറ റോഡിന്റെ പുനരുദ്ധാരണ വികസന പ്രവർത്തനങ്ങൾ

23 [1407] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല-കേശവദാസപുരം റോഡിന്റെ പുനർനിർമ്മാണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി എന്നാണ് കമാർ ഉറപ്പിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ആദ്യഘട്ട വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) കേശവദാസപുരം-നാലാഞ്ചിറ റോഡിന്റെ വികസന പുനർനിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഭാഗത്ത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ സ്ട്രക്ചറൽ വാല്വേഷൻ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ ഭാഗം റോഡ് പുനർനിർമ്മാണത്തിന് ബഡ്ജറ്റ് പ്രൊവിഷൻ എത്രയെന്ന് വെളിപ്പെടുത്താമോ; മൂന്നും നാലും അഞ്ചും ഘട്ടങ്ങളിൽ ഭൂവുടമകളുടെ പക്കൽ നിന്നേറ്റെടുക്കുന്ന വസ്തുവകകൾക്ക് ഫാസ്റ്റ്ട്രാക്ക് പദ്ധതി പ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ നടപടി സ്വീകരിക്കാമോ;

(ജി) കേശവദാസപുരം-നാലാഞ്ചിറ റോഡ് വികസനത്തിന് തടസ്സമായേക്കാവുന്ന വൈദ്യുത പോസ്റ്റുകൾ, പൈപ്പ്ലൈനുകൾ, വിവിധ കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയപാതാ വിഭാഗം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 25-11-2002-ലെ കരാറുപ്രകാരം ഒന്ന്, രണ്ട് റീച്ചുകളുടെ പണി ഉറപ്പിച്ചു.

(ബി) ഒന്നും രണ്ടും റീച്ചുകളുടെ പണി പുരോഗമിച്ചുവരുന്നു.

(സി) ഒന്നാംഘട്ട പ്രവർത്തനങ്ങൾ 2005 ജൂൺ 30-നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മൂന്ന്, നാല്, അഞ്ച് റീച്ചുകളിൽപ്പെട്ട കേശവദാസപുരം നാലാഞ്ചിറ ഭാഗത്തെ ലാന്റ് അക്വിസിഷൻ പൂർത്തിയായിട്ടില്ല.

(ഇ) സ്ട്രക്ചറൽ വാല്വേഷനു വേണ്ടിയുള്ള വിശദാംശങ്ങൾ റവന്യൂ വിഭാഗത്തിൽ നിന്നും ലഭിച്ചാലുടൻ തന്നെ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) 53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

മൊയ്തുപാലവും ധർമ്മടം പാലവും പുനർനിർമ്മിക്കാൻ നടപടി

24 [1418] ശ്രീ. റ്റി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മൊയ്തു പാലവും ധർമ്മടം പാലവും കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കണമെന്ന ജനങ്ങളുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ധർമ്മടം പാലത്തിന്റെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞു. മൊയ്തു പാലം പുനർനിർമ്മിക്കുവാനായി 7.8 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സി.ആർ.എഫിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly